# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2600</u> <u>10.12.2014 ൽ മറുപടിക്ക്</u>

**<u>സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭിക്കാതെയും ചികിത്സാ പിഴവ് മൂലവും മരണപ്പെട്ടവർ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ ഭരണകാലത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭിക്കാതെയും ചികിത്സാ പിഴവ് മൂലവും മരണം സംഭവിച്ച എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; | (എ) ആരോഗ്യവകുപ്പിൽ 12 കേസുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 5 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ എത്രയെണ്ണത്തിൽ വകുപ്പ്തല അന്വേഷണം നടന്നുവെന്നും ഉത്തരവാദികളായ ആർക്കെല്ലാം എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ; | (ബി) ആരോഗ്യവകുപ്പിൽ എല്ലാ കേസുകളിലും അന്വേഷണം നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിൽ വിലാസിനി എന്ന രോഗി മരിച്ചതുമായി ബന്ധപ്പെട്ട് ഡോ.മിഥുൻ റോഷ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ഡോ.മെറിൻ ലിസ് ജോസ്, 2 സ്റ്റാഫ് നഴ്സുമാർ എന്നിവർക്കതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും താക്കീത്, സ്ഥലം മാറ്റം തുടങ്ങിയ ശിക്ഷ നല്കിയിട്ടുമുണ്ട്. കൊല്ലം ജില്ലയിൽ ബാബു എന്ന രോഗി ചികിത്സാ പിഴവ് മൂലം മരണപ്പെട്ടതിനെതിരെ ഡോ.അനിൽ കുമാറിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ച് ഒരു ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവാകുകയും ഡോ.ജോസഫ് ഫ്രാൻസിസിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. വിതുര ആശുപത്രിയിലെ ശേഖർ എന്ന രോഗിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ.സുകേഷ് രാജ്, ഡോ.ദീപ.പി.എസ് എന്നിവർക്ക് അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടയാൻ നടപടി സ്വീകരിച്ചു. നെയ്യാറ്റിൻകര ആശുപത്രിയിലെ സുനിൽ കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട് ഡോ.സുജാ അഗസ്റ്റിൻ, സ്റ്റാഫ് നഴ്സായ ശശികലാ ശേഖർ എന്നിവരുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുവാനും ഡോ.സജിത്ത്, ഡോ.ഷിന (സൂപ്രണ്ട്) എന്നിവർക്കെതിരെ അച്ചടക്ക നടപടി |

സ്വീകരിക്കുകയും ഡോ. വിനോദ് ചെറിയാന് സ്ഥലം മാറ്റവും നല്കിയിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ബിന്ദുവിന്റെയും കുട്ടിയുടെയും മരണവുമായി ബന്ധപ്പെട്ട് ഗൈനക്കോളജിസ്റ്റായ ഡോ.ലീമ.ജെ.സി യുടെ രണ്ട് വാർഷിക ഇൻക്രിമെന്റ് അച്ചടക്ക നടപടിയുടെ ഭാഗമായി തടയുവാൻ ഉത്തരവായി. നെടുമങ്ങാട് താലൂക്കാശുപത്രിയിൽ മഞ്ജു എന്ന രോഗിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ.ജയശ്രീ.സി.പി, ഡോ.ജയശ്രീ.എസ്.നായർ, ഡോ.അനശ്രീ, സ്റ്റാഫ് നഴ്സ് ബിന്ദു ദാമോദരൻ എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. മെന്റൽ ആശുപത്രി പേരൂർക്കടയിലെ സതാസിംങിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും തുടർ അന്വേഷണത്തിന് സർക്കാർ തലത്തിൽ ഡോ.വേലായുധൻപിള്ള കമ്മീഷനെ നിയമിക്കുകയും ചെയ്തു. മെന്റൽ ആശുപത്രിയിലെ വെങ്കിടേശപ്പയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളാണ് നല്കിയിട്ടുള്ളത്. നെയ്യാറ്റിൻകര ആശുപത്രിയിൽ സ്റ്റാൻലിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ.ഷിബിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ നെന്മാറ സി.എച്ച്.സിയിൽ ചികിത്സ ലഭിക്കാതെ രോഗി മരണമടഞ്ഞത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ.കെ.എസ്. മഹി, അസിസ്റ്റന്റ് സർജൻ, ശ്രീമതി.ജി.യശോദ സ്റ്റാഫ് നഴ്സ്, ശ്രീമതി.വസന്തകുമാരി എച്ച്.എ. ഗ്രേഡ് II, ശ്രീ.പി. അറുമുഖൻ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവർക്കതിരെ അച്ചടക്ക നടപടി എടുത്തു വരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കേസുകളിൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മൂന്നു കേസുകളിൽ വകുപ്പുതല അന്വേഷണം നടന്നു വരുന്നു. പ്രസ്തുത ആരോപണങ്ങൾ തെളിയിക്കപ്പെട്ടതായി അറിവ് ലഭിച്ചിട്ടില്ല.

| | |
|---|---|
| (സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്ത് സഹായം ചെയ്തു എന്ന് വ്യക്തമാക്കുമോ? | (സി) ആരോഗ്യവകുപ്പിൽ നിന്നും ആശ്രിതർക്ക് സഹായമൊന്നും നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ